# Clean Kerala Company Limited

A Government of Kerala Undertaking

**Agency Notification No.PA/554/CKCL/2023/3-dated 10/07/2023**

ക്ലീൻ കേരള കമ്പനിയുടെ തിരുവനന്തപുരം,തൃശൂർ ജില്ലകളിലെ ജില്ലാ ആർ. ആർ.എഫ് പ്രവർത്തനപരിപാലനത്തിന് പി.പി.പി.മോഡലിൽ പ്രവർത്തിക്കുന്നതിനായി ഏജൻസികളെ ക്ഷണിക്കുന്നു. താത്പര്യമുള്ളവർ നോട്ടിഫിക്കേഷനിൽ പറയുന്ന കൃത്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്. വിശദമായ വിവരങ്ങൾക്ക് ക്ലീൻ കേരള കമ്പനിയുടെ ഓഫീസ് നമ്പറിലോ, വെബ്സൈറ്റിലോ ബന്ധപ്പെടുക.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. താല്പര്യ പത്രം നൽകേണ്ട അവസാന തീയതി 20-07-2023

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിഷ്ക്രിയ മാലിന്യത്തിൽ ഉൾപ്പെടുത്തി ശേഖരിക്കുന്നതും തരംതിരിക്കാത്തതും, ഹരിതകർമ്മസേനകൾ തരംതിരിക്കുന്ന പാഴ്വസ്തുക്കൾ മാത്രം ഗോഡൗണുകളിൽ എത്തിക്കണം.
2. തരംതിരിക്കാത്ത പാഴ്വസ്തുക്കൾ ഗോഡൗണിൽ/ആർആർഎഫിൽ തരംതിരിക്കൽ പ്രക്രിയക്ക് വിധേയമാക്കാവുന്നതാണ്.
3. തരംതിരിവിലൂടെ ലഭിക്കുന്ന പുന:ചംക്രമണയോഗ്യമായ പാഴ്വസ്തുക്കൾ ഏജൻസിക്ക് വിപണനം നടത്താവുന്നതാണ്.
4. തരംതിരിവിന് ശേഷം ലഭിക്കുന്ന നിഷ്ക്രിയ പാഴ്വസ്തുക്കൾ ബെയിൽ ചെയ്തോ അല്ലാതെയോ സിമന്റ് ഫാക്ടറികളിലേക്ക് ഏജൻസി കൈമാറേണ്ടതാണ്
5. പാഴ്വസ്തുക്കൾക്ക് കമ്പനി നിശ്ചയിച്ചിട്ടുള്ള തുക ഓരോ ആഴ്ചയിലും അടയ്ക്കേണ്ടതാണ്.
6. പ്രവർത്തന പരിപാലന കരാറിൽ ഏർപ്പെടുന്നതിനായി പത്ത് ലക്ഷം രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതാണ്.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിഷ്ക്രിയ മാലിന്യവും തരംതിരിച്ച മാലിന്യവും കരാർ ഏജൻസി സ്വന്തം ചിലവിൽ ഗോഡൗണിൽ/ആർആർഎഫിൽ എത്തിക്കേണ്ടതാണ്.

8. യൂണിറ്റിൽ സ്ഥാപിച്ചിട്ടുള്ള മെഷിണറികൾ പ്രവർത്തിപ്പിക്കുന്ന ഉത്തരവാദിത്തം ഏജൻസിക്കായിരിക്കും. മെഷിണറികൾ പ്രവർത്തിപ്പിക്കുന്നതിലുള്ള അശ്രദ്ധമൂലമുണ്ടാകുന്ന തകരാറുകൾക്ക് ഏജൻസിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്. മെഷിണറികൾക്ക് തകരാർ ഉണ്ടാകാത്ത രീതിയിൽ കൃത്യമായി മെഷീനുകൾ പ്രവർത്തിപ്പിക്കേണ്ടതാണ്. ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏജൻസിക്കായിരിക്കും.

9. ആർആർഎഫ്/ഗോഡൗൺലേക്ക് എത്തിക്കുന്ന പാഴ്വസ്തുക്കൾ വൃത്തിയുള്ളവയും, ജൈവമാലിന്യങ്ങൾ കൂടിക്കലരാതെയുള്ളവ ആയിരിക്കുമെന്ന് ഏജൻസി ഉറപ്പുവരുത്തേണ്ടതാണ്.

**വിലാസം:**

**ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,**
**സ്റ്റേറ്റ് മുൻസിപ്പൽ ഹൗസ്,**
**വഴുതക്കാട്,**
**തിരുവനന്തപുരം,**
**പിൻകോഡ്-695010**

**കൂടുതൽ വിവരങ്ങൾക്ക്:**

**OFFICE NO. : 0471 2724600**, 7558084422
**MAIL ID : cleankeralacompany@gmail.com**

11/7/23
മാനേജിംഗ് ഡയറക്ടർ

CLEAN KERALA COMPANY LIMITED TRIVANDRUM

അനുബന്ധം 1

## ക്ലീൻ കേരള കമ്പനി

## നിഷ്ക്രിയ മാലിന്യ ശേഖരണ ഏജൻസികളെ തെരെഞ്ഞെടുക്കാനുള്ള ഫോറം

1. ഏജൻസിയുടെ പേര് :
2. ഏജൻസി രജിസ്റ്റർ ചെയ്തിരിക്കുന്ന വിഭാഗം (കമ്പനി, സൊസൈറ്റി, പ്രൊപ്രൈറ്റർ ഷിപ്പ്, പാർട്ണർഷിപ്പ് മറ്റുള്ളവ) പകർപ്പ് ഉല്ളടക്കം ചെയ്യണം.
3. രജിസ്ട്രേഡ് മേൽവിലാസം:
4. ജിഎസ്ടി നമ്പർ (പകർപ്പ് ഉള്ളടക്കം ചെയ്യണം):
5. ചുമതലക്കാരുടെ വിവരങ്ങൾ പേര്, മേൽവിലാസം, ഫോൺ നമ്പർ

   (1)
   (2)
   (3)
6. കമ്പനിയുമായുള്ള രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ പേര് ഫോൺനമ്പർ (ചുമതലപ്പെടുത്തിയുള്ള സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യണം.)
7. പ്രവർത്തി പരിചയം
8. അംഗീകൃത സിമന്റ് ഫാക്ടറികളുമായോ, ലാന്റ് ഫില്ലുകളുമായോ ഉള്ള കരാർ ഉണ്ടോ: ഉണ്ട്/ഇല്ല (ഉണ്ടെങ്കിൽ പകർപ്പ് ഹാജരാക്കണം).
9. കരാറിന്റെ കാലാവധി :
10. കരാറിൽ ഒപ്പുവച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ (പേര്, ഉദ്യോഗസ്ഥന്റെ പേര്, ഫോൺനമ്പർ)
11. ഗോഡൗണുകളുടെ വിലാസം :
12. ഗോഡൗണിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ : ഉണ്ട്/ഇല്ല
    (ഉണ്ടെങ്കിൽ അംഗീകാരത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം)
13. ക്ലീൻ കേരള കമ്പനിയുമായി സഹകരിച്ചിട്ടുണ്ടോ : ഉണ്ട്/ഇല്ല
    (ഉണ്ടെങ്കിൽ വിശദാംശങ്ങൾ പ്രത്യേകമായി തയ്യാറാക്കി ഉള്ളടക്കം ചെയ്യേണ്ടതാണ്)

    ക്ലീൻ കേരള കമ്പനി മുഖേനെ ശേഖരിച്ച പാഴ്വസ്തുക്കളുടെ അളവ്
    1. പുനചംക്രമണത്തിന് നൽകിയത് :
    2. സിമന്റ് ഫാക്ടറികൾക്ക് നൽകിയത്:
       (രേഖകൾ ഹാജരാക്കണം)
14. പ്രവർത്തനം നടത്തുവാൻ താത്പര്യപ്പെടുന്ന ജില്ലകൾ

മേൽ പ്രസ്താവിച്ച എല്ലാ വിവരങ്ങളും പൂർണ്ണമായും സത്യമാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു

ഒപ്പ് :
പേര് :
തിയതി :